കേരളകൗമുദി

15 June 2019

# കൃഷി ചെയ്യണോ, തുണയ്ക്കാളുണ്ട്...

## നിലമൊരുക്കൽ മുതൽ മത്സ്യക്കൃഷിക്ക് കൂട് നിർമാണം വരെ സേവനങ്ങൾ

▶ സ്വന്തം ലേഖകൻ

കൊച്ചി: നെൽകൃഷിക്ക് നിലമൊരുക്കൽ മുതൽ മത്സ്യകൃഷിക്ക് കൂട് നിർമാണം വരെ എല്ലാതരം കാർഷിക സേവനങ്ങളും ഒരു കുടക്കീഴിൽ. എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ (കെ.വി.കെ) കാർഷിക സേവന കേന്ദ്രം സി.എം.എഫ്.ആർ.ഐയിൽ പ്രവർത്തന സജ്ജമായി.

നെല്ല്, മത്സ്യം, കൂടുമത്സ്യം, ചെമ്മീൻ, പച്ചക്കറി, കന്നുകാലി, കോഴി വളർത്തൽ തുടങ്ങി വിവിധ കൃഷിരീതികളിൽ കർഷകരെ സഹായിക്കും. കാർഷികയന്ത്രസാമഗ്രികളുടെ സഹായവും ശാസ്ത്രീയ നിർദേശങ്ങളും കേന്ദ്രത്തിൽ നിന്ന് ലഭിക്കും.

ട്രാക്ടർ, യന്ത്രകലപ്പ, കുഴിവെട്ടി, ഞാറ്നടീൽ യന്ത്രം, കളനശീകരണ യന്ത്രം, വിവിധയിനം സ്പ്രേയറുകൾ, പമ്പുകൾ തുടങ്ങിയവയും ലഭ്യമാക്കും. യന്ത്രവത്കൃത കൃഷിരീതികൾ ജനകീയമാക്കുന്നതിന് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത പദ്ധതിയുടെ ഭാഗമായാണ് 40 ലക്ഷം രൂപ ചെലവിൽ കാർഷിക യന്ത്രസാമഗ്രികൾ സ്വന്തമാക്കികെ.



കർഷകർക്ക് തുണയായി **കാർഷിക സേവന കേന്ദ്രം**

വി.കെ കാർഷിക സേവന കേന്ദ്രത്തിന് തുടക്കമിട്ടത്. മഴക്കാലം തുടങ്ങിയതോടെ നെൽകൃഷിക്ക് വേണ്ടിയുള്ള നിലമൊരുക്കലാണ് കേന്ദ്രത്തിൽ നിന്നുള്ള ഇപ്പോഴത്തെ പ്രധാന സേവനം.

KAUMUDI SPECIAL

വിളിക്കൂ...

**8089434479**

എല്ലാതരം കാർഷിക സേവനങ്ങളും മിതമായ ഫീസ് നിരക്കിൽ ലഭ്യമാക്കുന്നതിന് കർഷകർക്ക് സേവന കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യാം. ഫോൺ 8089434479. പരിശീലനം ലഭിച്ച കെ.വി.കെയുടെ തൊഴിലാളികളാണ് കർഷകരെ സഹായിക്കാനെത്തുക. ഭാവിയിൽ സ്വയം സഹായക സംഘങ്ങൾ രൂപീകരിച്ച് സേവന കേന്ദ്രത്തിന്റെ പ്രവർത്തന മേഖല വിപുലപ്പെടുത്തും.